# സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി

മാരാരിക്കുളം

2.10.2008

'എല്ലാവർക്കും ആരോഗ്യം' എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി അതീവസന്തോഷത്തോടെ ഉദ്ഘാടനം ചെയ്തതായി അറിയിക്കുന്നു.

അസംഘടിത മേഖലയിലെ ദാരിദ്ര്യരേഖക്ക് താഴെയുള്ള തൊഴിലാളി കുടുംബങ്ങൾക്ക് വേണ്ടി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച രാഷ്ട്രീയ സ്വാസ്ത്യ ഭീമായോജന എന്ന ഇൻഷുറൻസ് പദ്ധതിയിൽ സമഗ്രമായ മാറ്റം വരുത്തിയാണ് സംസ്ഥാനത്ത് നടപ്പാക്കുന്നത്. ആദ്യ ഘട്ടത്തിൽ രണ്ട് ജില്ലയിലും പിന്നീട് അഞ്ച് കൊല്ലംകൊണ്ട് എല്ലാ ജില്ലകളിലും നടപ്പാക്കുക എന്നതായിരുന്നു കേന്ദ്രം ആവിഷ്ക്കരിച്ച പദ്ധതിയിൽ. എന്നാൽ സംസ്ഥാന ഗവൺമെന്റിന്റെ സമ്മർദ്ദം കാരണം ഒറ്റയടിക്ക് എല്ലാ ജില്ലയിലും നടപ്പാക്കാൻ അനുമതി തന്നിരിക്കുന്നു.

എല്ലാ ജില്ലകളിലുമായി പതിനൊന്ന് ലക്ഷത്തി എഴുപത്തൊമ്പതി നായിരം കുടുംബങ്ങൾ മാത്രമാണ് കേന്ദ്ര മാനദണ്ഡപ്രകാരം ബി.പി.എൽ. ലിസ്റ്റിൽ. എന്നാൽ സംസ്ഥാന സർക്കാരിന്റെ കണക്കനുസരിച്ച് പത്ത് ലക്ഷത്തോളം കുടുംബങ്ങൾ വേറെയും ബി.പി.എൽ. പരിധിയിൽ വരും. അതിനുപുറമെ എ.പി.എല്ലിൽ വരുന്ന മുപ്പത് ലക്ഷത്തിൽപ്പരം കുടുംബങ്ങളും. എല്ലാവരെയും

ഉൾക്കൊള്ളുന്ന തരത്തിൽ സംയോജിതമായ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയാണ് സംസ്ഥാനത്ത് നടപ്പാക്കുന്നത്.

ഇൻഷുറൻസ് പ്രിമീയം തുകയിൽ 75 ശതമാനം കേന്ദ്ര സർക്കാരും 25 ശതമാനം സംസ്ഥാന ഗവൺമെന്റുമാണ് വഹിക്കേണ്ടത്. എന്നാൽ കേന്ദ്ര മാനദണ്ഡത്തിന് പുറത്തുള്ളതും സംസ്ഥാന സർക്കാരിന്റെ കണക്കിൽ ബി.പി.എല്ലിനകത്തുമുള്ള പത്ത് ലക്ഷം കുടുംബങ്ങളുടെ മുഴുവൻ പ്രിമീയവും സംസ്ഥാന സർക്കാർ തന്നെ വഹിക്കും. വാസ്തവത്തിൽ സമഗ്ര ഇൻഷുറൻസ് പദ്ധതിച്ചെല വിന്റെ സിംഹഭാഗവും സംസ്ഥാന സർക്കാർ തന്നെയാണ് വഹി ക്കുക. പൂർണമായും പൊതുമേഖലാ സ്ഥാപനമായ യുണൈറ്റഡ് ഇന്ത്യാ ഇൻഷുറൻസ് കമ്പനി മുഖേനയാണ് എല്ലാ ജില്ലയിലും ഈ പദ്ധതി നടപ്പാക്കുന്നതെന്ന സവിശേഷതയുമുണ്ട്. എ.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് പ്രീമിയം തുക സ്വയം അടച്ചുകൊണ്ട് ഈ പദ്ധതിയുടെ ഭാഗഭാക്കാക്കാനാവും. ഈ പദ്ധതി ഏറ്റവും വിജയകര മായി നടപ്പാക്കാൻ നോഡൽ ഏജൻസിയായ തൊഴിൽ വകുപ്പും ആരോഗ്യവകുപ്പും മറ്റ് ബന്ധപ്പെട്ട എല്ലാവരും ആത്മാർത്ഥമായി പ്രവർത്തിക്കണമെന്നഭ്യർത്ഥിക്കുന്നു.

ഇത്തരത്തിൽ ഒരു ഇൻഷുറൻസ് പദ്ധതിയിൽ ജനകീയ ആരോഗ്യ സംരക്ഷണം അതിന്റെ പൂർണതയിലായി എന്ന അഭിപ്രായമില്ല. പൊതുജനാരോഗ്യ പരിപാലന സംവിധാനം വ്യാപകവും സുശക്തവും കാര്യക്ഷമവുമാക്കുകയാണാവശ്യം. എല്ലാ തലത്തിലു മുള്ള സർക്കാർ ആശുപത്രികളെ ഏറ്റവും സുസജ്ജമാക്കുകയും അവിടെ സൗജന്യ ചികിത്സ ഉറപ്പാക്കുകയുമാണാവശ്യം. അതിനായി സംസ്ഥാന ഗവൺമെന്റിന് മതിയായ ഗ്രാന്റ് അനുവദിക്കുകയാണ്

വേണ്ടത്. മതിയായ പദ്ധതി വിഹിതം അനുവദിക്കുകയാണ് വേണ്ടത്. എന്നാൽ എല്ലാം പരിമിതപ്പെടുത്തുകയാണ് കേന്ദ്രം. സംസ്ഥാനത്ത് പൊതുജനാരോഗ്യ സംവിധാനം മെച്ചപ്പെടുത്താൻ ആരോഗ്യ വകുപ്പിന് നേരിട്ട് നൽകേണ്ട പണം എൻ.ആർ.എച്ച്.എം. എന്ന പ്രത്യേക സ്കീമാക്കി നൽകുന്നു. വിദ്യാഭ്യാസ പുരോഗതിക്കായി നൽകേണ്ട പണം അശാസ്ത്രീയമായ വ്യവസ്ഥകളോടെ സർവ ശിക്ഷാ അഭിയാൻ എന്ന പേരിൽ നൽകുന്നു. ഒരേ കാര്യത്തിന് രണ്ട് സംവിധാനം എന്ന സ്ഥിതിയാണതുമൂലം. ഓരോ സംസ്ഥാനത്തിനും അർഹതപ്പെട്ട, അവകാശപ്പെട്ട തുക നേരിട്ട് അനുവദിക്കുകയാണ് കേന്ദ്രം ചെയ്യേണ്ടത്. പദ്ധതികൾ ശരിയായ രൂപത്തിൽ നടപ്പാക്കാൻ അതാവശ്യമാണ്.

കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് അനാവശ്യവും അശാസ്ത്രീയവു മായ നിബന്ധനകൾ അശാസ്യമല്ല. ഓരോ സംസ്ഥാനത്തിന്റെയും സവിശേഷതക്കനുസൃതം മാറ്റങ്ങൾ വേണ്ടി വരും. സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിയിൽ സംസ്ഥാന പ്ലാനിങ്ങ് ബോർഡ് ശരിയായി പരിശോധിച്ച് സമഗ്രമായ മാറ്റം വരുത്തിയതുകൊണ്ടാണ് കൂടുതൽ ജനോപകാരപ്രദമായത്.

മുൻ ഗവൺമെന്റിന്റെ കാലത്ത് സംസ്ഥാനത്തെ പൊതുജനാരോഗ്യ സംവിധാനം തകർച്ചയുടെ നെല്ലിപ്പടി കണ്ടതാണ്. നൂറുകണക്കിന് ഡോക്ടർമാരുടെ ഒഴിവുകളും ആയിരക്കണക്കിന് നഴ്സുമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും ഒഴിവുകളും നികത്താതെ, മരുന്നു കൾ ലഭ്യമാക്കാതെ ധർമാശുപത്രി സംവിധാനം ചത്തതിനൊക്കുമോ ജീവിച്ചിരിക്കിലും എന്ന പരുവത്തിലാക്കിയതാണ്. ആ അവസ്ഥയിൽ നിന്നും പൊതുജനാരോഗ്യ പരിപാലനരംഗത്തെ മോചിപ്പിക്കാൻ

രണ്ടേകാൽ കൊല്ലത്തെ പ്രവർത്തനം കൊണ്ട് കഴിഞ്ഞു. ഒഴിവുകളെല്ലാം നികത്തുകയും ആവശ്യത്തിന് മരുന്നുകൾ ലഭ്യമാക്കുകയും ആശുപത്രികളിലെ സൗകര്യങ്ങൾ ഗണ്യമായി മെച്ചപ്പെടുത്തുകയും ചെയ്തു. ഇങ്ങനെ സർക്കാർ ആശുപത്രികളെ മികവാർന്നതാക്കി മാറ്റിയ ശേഷമാണ് സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയും നടപ്പാക്കുന്നത്. ഇത് മുൻ ഗവൺമെന്റിന്റെ കാലത്ത് തെരഞ്ഞെടുപ്പടുത്തപ്പോൾ പ്രഖ്യാപിച്ച ആരോഗ്യരക്ഷാ പദ്ധതിയല്ല. തികച്ചും അപ്രായോഗികവും അശാസ്ത്രീയവും പ്രചാരണം മാത്രം ഉദ്ദേശിച്ചുള്ളതുമായ അന്നത്തെ പദ്ധതി സ്വകാര്യ കമ്പനിയെയാണ് ഏൽപ്പിച്ചത് എന്നു കൂടി ഈ ഘട്ടത്തിൽ ഓർക്കേണ്ടതുണ്ട്.

പൊതുജനാരോഗ്യ സംവിധാനം മെച്ചപ്പെടുത്താൻ സംസ്ഥാന സർക്കാർ നടത്തുന്ന വിവിധ പ്രവർത്തനങ്ങളും ഇപ്പോൾ നടപ്പാക്കുന്ന ആരോഗ്യ ഇൻഷുറൻസ് പദ്ധതിയും വമ്പിച്ച വിജയമാക്കാൻ എല്ലാവരും സഹകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

നന്ദി, നമസ്ക്കാരം.